പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 81

Published on 09/08/2017.

# 2017-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 81

# 2017-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബിൽ

1107/2017.

# 2017-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബിൽ

## 1980-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

## ഒരു

## ബിൽ

പീഠിക.—1980-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയെട്ടാം സംവത്സരത്തിൽ ഇനിപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു.-

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2017-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ദീർഘശീർഷകത്തിനുള്ള ഭേദഗതി.—1980-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ ആക്റ്റിന്റെ (1981-ലെ 10) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക), ദീർഘ ശീർഷകത്തിൽ, "നിയന്ത്രണം ഏർപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള" എന്നീ വാക്കുകൾക്ക് പകരം "നിയന്ത്രണം ഏർപ്പെടുത്തുന്നതിനും ബോട്ട് നിർമ്മാണ യാർഡിന്റെയും മത്സ്യബന്ധന വല ഉത്പാദന യൂണിറ്റിന്റെയും രജിസ്ട്രേഷൻ, മത്സ്യബന്ധന മാനേജ്മെന്റ് കൗൺസിലുകളുടെ രൂപീകരണം, അവയുമായി ബന്ധപ്പെട്ടതോ അവയ്ക്ക് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വ്യവസ്ഥ ചെയ്യുന്നതിനുള്ള" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

3. പീഠികയ്ക്കുള്ള ഭേദഗതി.-പ്രധാന ആക്റ്റിന്റെ പീഠികയിൽ, "മത്സ്യബന്ധനം നടത്തുന്നതിന് വ്യവസ്ഥ ചെയ്യുന്നത് ആവശ്യമായിരിക്കുകയാൽ" എന്നീ വാക്കുകൾക്കു പകരം "മത്സ്യബന്ധനം നടത്തുന്നതിനും ബോട്ട് നിർമ്മാണ യാർഡിന്റെയും മത്സ്യബന്ധന വല ഉത്പാദന യൂണിറ്റിന്റെയും രജിസ്ട്രേഷൻ, മത്സ്യബന്ധന മാനേജ്മെന്റ് കൗൺസിലുകളുടെ രൂപീകരണം, അവയുമായി ബന്ധപ്പെട്ടതോ അവയ്ക്ക് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വ്യവസ്ഥ ചെയ്യുന്നത് ആവശ്യമായിരിക്കയാൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

1107/2017.

4. 2-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 2-ാം വകുപ്പിൽ,—

(1) (സി) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(സിഎ) "ബോട്ട് നിർമ്മാണ യാർഡ്" എന്നാൽ മത്സ്യബന്ധന ആവശ്യത്തിന് ഉപയോഗിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ള മത്സ്യബന്ധന നൗകകൾ നിർമ്മിക്കുകയോ, അറ്റകുറ്റപ്പണികൾ നടത്തുകയോ, വില്പന നടത്തുകയോ ചെയ്യുന്ന ഏതെങ്കിലും സ്ഥലം എന്നർത്ഥമാകുന്നു;

(സിബി) "മത്സ്യബന്ധന വല ഉത്പാദന യൂണിറ്റ്" എന്നാൽ മത്സ്യബന്ധന ആവശ്യത്തിന് ഉപയോഗിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ള വല നിർമ്മിക്കുകയോ, നെയ്യുകയോ, വിൽക്കുകയോ ചെയ്യുന്ന സ്ഥലം എന്നർത്ഥമാകുന്നു.";

(2) (ഡി) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ഡിഎ) "സമുദ്ര മത്സ്യബന്ധന ഗ്രാമം" എന്നാൽ കടൽത്തീരവുമായി ചേർന്നു കിടക്കുന്ന പ്രദേശമുള്ള ഒരു ഗ്രാമം എന്നർത്ഥമാകുന്നു;"

5. 4-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 4-ാം വകുപ്പിൽ, നിലവിലുള്ള ഖണ്ഡത്തിനു ശേഷം താഴെ പറയുന്ന ഖണ്ഡങ്ങൾ കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"(ഇ) നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള തരത്തിലും, ഇനത്തിലും, വലിപ്പത്തിലുംപെട്ട ഫിഷിംഗ് ഗിയറിന്റെ ഉൽപ്പാദനവും, സൂക്ഷിപ്പും, വഹനവും;

(എഫ്) നിർണ്ണയിക്കപ്പെടാവുന്ന നിർദ്ദിഷ്ട പ്രദേശത്തെ മത്സ്യം പിടിക്കുന്നതിനോ നശിപ്പിക്കുന്നതിനോ വേണ്ടി ഏതെങ്കിലും ഡൈനാമൈറ്റിന്റെയോ വേറെയേതെങ്കിലും സ്ഫോടകവസ്തുക്കളുടെയോ, വിഷമോ അല്ലെങ്കിൽ ഹാനികരമായതോ ലഘുവായതോ അല്ലെങ്കിൽ വേറെയേതെങ്കിലുമോ നശീകരണ വസ്തുക്കളുടെ ഉപയോഗം;

6. 9എ, 9ബി, 9സി, 9ഡി, 9ഇ, 9 എഫ്, 9ജി എന്നീ പുതിയ വകുപ്പുകൾ കൂട്ടിചേർക്കൽ.—പ്രധാന ആക്റ്റിൽ, 9-ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പുകൾ കൂട്ടിചേർക്കേണ്ടതാണ്, അതായത്:—

"9എ. ബോട്ട് നിർമ്മാണ യാർഡിന്റെ രജിസ്ട്രേഷൻ.—(1) ഓരോ ബോട്ട് നിർമ്മാണ യാർഡിന്റെയും ഉടമസ്ഥൻ, ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരം, ബോട്ട് നിർമ്മാണ യാർഡ് രജിസ്റ്റർ ചെയ്യേണ്ടതാണ്.

(2) ബോട്ട് നിർമ്മാണ യാർഡ് രജിസ്റ്റർ ചെയ്യുന്നതിനുള്ള ഓരോ അപേക്ഷയും, ഉടമസ്ഥൻ, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മാതൃകയിൽ, അങ്ങനെയുള്ള വിവരങ്ങൾ ഉൾപ്പെടുത്തി, അങ്ങനെയുള്ള ഫീസ് സഹിതം അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന് സമർപ്പിക്കേണ്ടതാണ്.

(3) രജിസ്ട്രേഷനു വേണ്ടിയുള്ള ഒരു അപേക്ഷ ലഭിക്കുമ്പോൾ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ അദ്ദേഹത്തിന് യുക്തമെന്നു തോന്നുന്ന, അങ്ങനെയുള്ള അന്വേഷണം നടത്തുകയും (4)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള കാര്യങ്ങൾ പരിഗണിക്കുകയും ചെയ്തശേഷം, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാലയളവിനുള്ളിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അനുവദിക്കുകയോ നിരസിക്കുകയോ ചെയ്യാവുന്നതാണ്.

(4) (3)-ാം ഉപവകുപ്പ് പ്രകാരം രജിസ്ട്രേഷൻ അനുവദിക്കുകയോ നിരസിക്കുകയോ ചെയ്യുമ്പോൾ, അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ താഴെ പറയുന്ന കാര്യങ്ങൾ പരിഗണിക്കേണ്ടതാണ്, അതായത്:—

(എ) ബോട്ട് നിർമ്മാണ യാർഡിന് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ആവശ്യമായ വിശേഷണങ്ങളും അളവുകളും ഉണ്ടോ;

(ബി) നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഒരു ഫാറത്തിൽ മത്സ്യബന്ധന നൗകയുടെ ആവശ്യവും ഉപയോഗവും കാണിച്ചുകൊണ്ടുള്ള സത്യപ്രസ്താവന;

(സി) ബോട്ട് നിർമ്മാണ യാർഡ്, (4)-ാം ഉപവകുപ്പ് (എ) ഖണ്ഡത്തിൻ കീഴിൽ നിർണ്ണയിക്കപ്പെട്ട പ്രകാരം, യന്ത്രത്തോടും യന്ത്രസാമഗ്രികളുടെ വിശദാംശങ്ങളും ഉൾപ്പെടെ നിർദ്ദിഷ്ട മത്സ്യബന്ധന നൗകയുടെ പൊതുവായ ക്രമീകരണ പദ്ധതി ഉപകരണങ്ങളുടെ ലിസ്റ്റ്, ഗ്രോസ്സ് രജിസ്റ്റർ ടണ്ണേജ്, നെറ്റ് രജിസ്റ്റർ ടണ്ണേജ്, സ്റ്റെബിലിറ്റി റിപ്പോർട്ട് എന്നിവയ്ക്ക് അനുരൂപകമാകുന്നുണ്ടോ;

(ഡി) ബോട്ട് നിർമ്മാണ യാർഡ് അഗ്നിസുരക്ഷാ സംവിധാനം, പ്രഥമശുശ്രൂഷാ സൗകര്യം നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള, അങ്ങനെയുള്ള മറ്റു സൗകര്യങ്ങൾ എന്നിവയോടെ സജ്ജീകൃതമാണോ;

(ഇ) നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള മറ്റേതെങ്കിലും സംഗതികൾ.

(5) ബോട്ട് നിർമ്മാണ യാർഡിന്റെ ഉടമയ്ക്ക് അങ്ങനെയുള്ള രജിസ്ട്രേഷൻ നൽകാൻ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ തീരുമാനിക്കുന്ന സംഗതിയാൽ, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിൽ, അങ്ങനെയുള്ള ഉപാധികൾക്ക് വിധേയമായി, അങ്ങനെയുള്ള ഫീസ് നൽകിയശേഷവും, ഉപാധികൾ യഥാവിധി പാലിക്കുന്നതിനുള്ള അങ്ങനെയുള്ള, സെക്യൂരിറ്റി നൽകിയ ശേഷവും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്.

(6) ഈ ആക്റ്റിൻ കീഴിൽ ഒരിക്കൽ നൽകിയ രജിസ്ട്രേഷൻ, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകിയ തീയതി മുതൽ അഞ്ച് വർഷക്കാലത്തേയ്ക്ക് സാധുവായിരിക്കുന്നതാണ്.

(7) ഈ ആക്റ്റിൻ കീഴിൽ രജിസ്റ്റർ ചെയ്ത എല്ലാ ബോട്ട് നിർമ്മാണ യാർഡിനും, അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ അതിനു നൽകുന്ന ഒരു രജിസ്ട്രേഷൻ മുദ്ര ഉണ്ടായിരിക്കേണ്ടതും അപ്രകാരം നൽകിയ രജിസ്ട്രേഷൻ മുദ്ര നിർണ്ണയിക്കപ്പെട്ട പ്രകാരം പ്രദർശിപ്പിക്കേണ്ടതുമാണ്.

(8) അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ, അങ്ങനെയുള്ള രജിസ്ട്രേഷൻ നൽകുന്നതിന് വിസ്സമ്മതിക്കുന്ന സംഗതിയിൽ, അങ്ങനെയുള്ള നിരസിക്കലിനുള്ള കാരണങ്ങൾ ലിഖിതമായി രേഖപ്പെടുത്തേണ്ടതും ഒരു നിരസിക്കൽ ഉത്തരവ്, അതിനുള്ള കാരണങ്ങൾ സഹിതം, ബോട്ട് നിർമ്മാണ യാർഡിന്റെ ഉടമസ്ഥനെ അറിയിക്കേണ്ടതുമാണ്.

(9) എല്ലാ ബോട്ട് നിർമ്മാണ യാർഡിന്റെയും ഉടമസ്ഥൻ, ബോട്ടുകൾ നിർമ്മിച്ചത് അംഗീകൃത തരത്തിലുള്ള രൂപകൽപന പ്രകാരമാണെന്നും അവ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട പ്രകാരം സമുദ്രയാത്രായോഗ്യമാണെന്നും വ്യക്തമാക്കുന്ന ഒരു സാക്ഷ്യപത്രം നൽകേണ്ടതും, അങ്ങനെയുള്ള മത്സ്യബന്ധന നൗകകൾ ഈ ആക്റ്റിൻ കീഴിൽ രജിസ്റ്റർ ചെയ്യുമ്പോൾ സമയത്ത്, മത്സ്യത്തൊഴിലാളികൾ അങ്ങനെയുള്ള സാക്ഷ്യപത്രം ഉള്ളടക്കം ചെയ്യേണ്ടതുമാണ്.

(10) ഒരു ബോട്ട് നിർമ്മാണ യാർഡിൽ, നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ, ഏതു സമയത്തും അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധന നടത്തേണ്ടതാണ്.

(11) മത്സ്യബന്ധന നൗകയുടെ നിർമ്മാണം അംഗീകാരം ലഭിച്ച പ്ലാനിൽ നിന്നും വ്യതിചലിക്കാതെ നടത്തേണ്ടതും അതിൽ നേവൽ ആർക്കിടെക്റ്റ് വിവിധ ഘട്ടങ്ങളിൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം പരിശോധന നടത്തേണ്ടതുമാണ്.

(12) ബോട്ട് നിർമ്മാണ യാർഡിന്റെ പ്രവർത്തനം നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ ആയിരിക്കേണ്ടതാണ്.

9ബി. രജിസ്ട്രേഷൻ പുതുക്കൽ.—(1) രജിസ്റ്റർ ചെയ്ത ഒരു നിർമ്മാണ യാർഡിന്റെ ഉടമ ഒരോ അഞ്ചുവർഷം കൂടുമ്പോഴും രജിസ്ട്രേഷൻ പുതുക്കേണ്ടതാണ്.

(2) ഒരു ബോട്ട് നിർമ്മാണ യാർഡിന്റെ രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള ഒരു അപേക്ഷ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫോറത്തിൽ, അങ്ങനെയുള്ള വിവരങ്ങൾ ഉൾപ്പെടെ, അങ്ങനെയുള്ള ഫീസ് സഹിതം, അങ്ങനെയുള്ള സമയത്തിനുള്ളിൽ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന് ഉടമ സമർപ്പിക്കേണ്ടതാണ്.

(3) രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള ഒരു അപേക്ഷ ലഭിച്ചാൽ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ അദ്ദേഹം യുക്തമെന്നു കരുതുന്ന ഒരു അന്വേഷണം നടത്തിയശേഷം, ബോട്ട് നിർമ്മാണ യാർഡിന്റെ രജിസ്ട്രേഷൻ നിർണ്ണയിക്കപ്പെടാവുന്ന കാലയളവിനുള്ളിൽ പുതുക്കുകയോ അല്ലെങ്കിൽ പുതുക്കൽ നിരസിക്കുകയോ ചെയ്യാവുന്നതാണ്.

എന്നാൽ, നിർണ്ണയിക്കപ്പെട്ട കാലാവധിക്ക് ശേഷം രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുള്ള ഏത് സംഗതിയിലും, അങ്ങനെയുള്ള അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന് നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് ഉപാധികൾക്കും അങ്ങനെയുള്ള വർദ്ധിത ഫീസ് ഒടുക്കുന്നതിനും വിധേയമായി അപേക്ഷ അനുവദിക്കാവുന്നതും ആയത് തീർപ്പാക്കാവുന്നതുമാണ്:

എന്നുമാത്രമല്ല, നിർണ്ണയിക്കപ്പെട്ട കാലാവധിക്കുശേഷം രജിസ്ട്രേഷൻ പുതുക്കലിന് അപേക്ഷിച്ചിട്ടുള്ള ഏതൊരു സംഗതിയിലും, നിശ്ചിത സമയപരിധിക്കുള്ളിൽ അപേക്ഷിക്കാതിരുന്നതിന് അപേക്ഷകന് മതിയായ കാരണം

ഉണ്ടായിരുന്നുവെന്ന് അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന് ബോധ്യപ്പെടുന്നപക്ഷം, അദ്ദേഹത്തിന് അപേക്ഷ സ്വീകരിക്കാവുന്നതും വർദ്ധിത ഫീസ് ചുമത്താതെ തന്നെ തീർപ്പാക്കാവുന്നതുമാണ്.

9സി. രജിസ്റ്റർ ചെയ്യാത്ത ബോട്ട് നിർമ്മാണ യാർഡുകൾ ഉപയോഗിക്കുന്നതിനുള്ള നിരോധനം.—ഈ ആക്റ്റിലെ 9 എ അല്ലെങ്കിൽ 9 ബി വകുപ്പിനുകീഴിൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്ത ഏതെങ്കിലും ബോട്ട് നിർമ്മാണ യാർഡും നടത്തുവാനോ ഉപയോഗിക്കുവാനോ യാതൊരാളെയോ അധികാരസ്ഥാനത്തെയോ അനുവദിക്കാൻ പാടില്ലാത്തതാകുന്നു.

9ഡി. രജിസ്ട്രേഷൻ റദ്ദാക്കലും താൽക്കാലികമായി നിർത്തലാക്കലും.—അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ, ഇക്കാര്യത്തിൽ അദ്ദേഹത്തിന് ലഭ്യമാക്കുന്ന ഒരു റഫറൻസിൻമേലോ അല്ലെങ്കിൽ മറ്റു വിധത്തിലോ ഇനി പറയുന്ന കാര്യങ്ങൾ ബോധ്യപ്പെടുന്ന പക്ഷം,—

(എ) പ്രധാന വസ്തുതയെ സംബന്ധിച്ച് തെറ്റിദ്ധരിപ്പിച്ചാണ് 9 എ അല്ലെങ്കിൽ 9 ബി വകുപ്പുപ്രകാരം അനുവദിക്കപ്പെട്ട രജിസ്ട്രേഷൻ നേടിയിട്ടുള്ളത്; അല്ലെങ്കിൽ

(ബി) ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ കൈവശക്കാരൻ ന്യായമായ കാരണമില്ലാതെ രജിസ്ട്രേഷൻ അനുവദിക്കുന്നതിന് ബാധകമാക്കിയിട്ടുള്ള ഉപാധികൾ പാലിക്കുന്നതിൽ വീഴ്ചവരുത്തുകയോ ഈ ആക്റ്റിലെയോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടത്തിലെയോ, അതിൻകീഴിൽ പുറപ്പെടുവിച്ച ഉത്തരവിലെയോ വ്യവസ്ഥകൾ ലംഘിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ കൈവശക്കാരൻ ഈ ആക്റ്റിൻ കീഴിൽ വിധേയമാക്കപ്പെടാവുന്ന മറ്റേതൊരു ശിക്ഷയ്ക്കും ഭംഗം വരാതെ ശേഷം അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന് കാരണം കാണിക്കുവാനുള്ള ന്യായമായ ഒരവസരം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ കൈവശക്കാരന് നൽകിയതിന് രജിസ്ട്രേഷൻ റദ്ദാക്കുകയോ താൽക്കാലികമായി തടഞ്ഞുവെയ്ക്കുകയോ ചെയ്യാവുന്നതാണ്.

9 ഇ. മത്സ്യബന്ധനവല നിർമ്മാണ യൂണിറ്റിന്റെ രജിസ്ട്രേഷൻ.—(1) ഓരോ മത്സ്യബന്ധന വല നിർമ്മാണ യൂണിറ്റിന്റെയും ഉടമസ്ഥൻ അങ്ങനെയുള്ള യൂണിറ്റ് ഈ ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്യേണ്ടതാണ്.

(2) അങ്ങനെയുള്ള യൂണിറ്റിന്റെ രജിസ്ട്രേഷനു വേിയുള്ള ഓരോ അപേക്ഷയും, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിൽ അങ്ങനെയുള്ള വിവരങ്ങളോടെ അങ്ങനെയുള്ള ഫീസ് സഹിതം അതിന്റെ ഉടമസ്ഥൻ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന് സമർപ്പിക്കേണ്ടതാണ്.

(3) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, എന്നാൽ (4)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഈ ആക്റ്റിന്റെ പ്രാരംഭത്തിന് തൊട്ട് മുമ്പുള്ള യൂണിറ്റിന്റെ എല്ലാ ഉടമസ്ഥർക്കും, ആ യൂണിറ്റ് തുടരാവുന്നതാണ്.

(4) (3)-ാം ഉപവകുപ്പ് പ്രകാരം തുടരുന്ന ഓരോ യൂണിറ്റും ഈ വകുപ്പിൻ കീഴിൽ രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ ഈ ആക്റ്റിന്റെ പ്രാരംഭത്തീയതി മുതൽ മൂന്നുമാസ കാലാവധിക്കുശേഷം തുടരാൻ പാടുള്ളതല്ല:

എന്നാൽ, അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന് എഴുതി രേഖപ്പെടുത്തിയ മതിയായ കാരണത്താൽ അദ്ദേഹത്തിന് ഉചിതമെന്നു കരുതുന്ന, മൂന്നു മാസത്തിൽ കൂടാതെയുള്ള അങ്ങനെയുള്ള കാലയളവിലേക്ക്, രജിസ്റ്റർ ചെയ്യുവാനുള്ള സമയപരിധി ദീർഘിപ്പിച്ചു നൽകാവുന്നതാണ്.

(5) അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്, രജിസ്ട്രേഷനു വേണ്ടിയുള്ള ഒരു അപേക്ഷ ലഭിക്കുമ്പോൾ, അദ്ദേഹത്തിനു ഉചിതമെന്നു തോന്നുന്ന അങ്ങനെയുള്ള അന്വേഷണം നടത്തിയശേഷവും നിർണ്ണയിക്കപ്പെടാവുന്ന കാര്യങ്ങൾ കണക്കിലെടുത്തുകൊണ്ടും, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാലയളവിനകം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അനുവദിക്കുകയോ നിരസിക്കുകയോ ചെയ്യാവുന്നതാണ്.

(6) മത്സ്യബന്ധന വല നിർമ്മാണ യൂണിറ്റിന് അങ്ങനെയുള്ള രജിസ്ട്രേഷൻ നൽകാൻ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ തീരുമാനമെടുക്കുന്ന സംഗതിയിൽ, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള ഉപാധികൾക്ക് വിധേയമായും അങ്ങനെയുള്ള ഫീസ് ഒടുക്കിയശേഷവും ഉപാധികൾ യഥാവിധി പാലിക്കുന്നതിനുള്ള അങ്ങനെയുള്ള സെക്യൂരിറ്റി നൽകിയശേഷവും വ്യവസ്ഥകൾ യഥാവിധി പാലിക്കുന്നതിനായി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്.

(7) അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ, അങ്ങനെയുള്ള രജിസ്ട്രേഷൻ അനുവദിക്കുന്നത് നിരസിക്കുന്നപക്ഷം അങ്ങനെയുള്ള നിരസിക്കലിനുള്ള കാരണം എഴുതി രേഖപ്പെടുത്തേണ്ടതും ബോട്ട് നിർമ്മാണ യാർഡിന്റെ ഉടമസ്ഥനെ അതിനുള്ള കാരണങ്ങൾ സഹിതം നിരസിക്കൽ ഉത്തരവ് നൽകേണ്ടതുമാണ്.

(8) അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ, നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ ഏതൊരു സമയത്തും പരിശോധന നടത്തേണ്ടതാണ്.

(9) ഈ ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യബന്ധന വല നിർമ്മാണ യൂണിറ്റുകൾക്ക് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ നൽകിയ ഒരു രജിസ്ട്രേഷൻ അടയാളം ഉണ്ടായിരിക്കേണ്ടതും അങ്ങനെ നൽകിയിട്ടുള്ള രജിസ്ട്രേഷൻ അടയാളം നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ പ്രദർശിപ്പിക്കേണ്ടതുമാണ്.

(10) ഈ ആക്റ്റ് പ്രകാരം നൽകുന്ന ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന് അഞ്ച് വർഷത്തേക്ക് സാധുത ഉണ്ടായിരിക്കുന്നതാണ്.

(11) മത്സ്യബന്ധന വല നിർമ്മാണ യൂണിറ്റിന്റെ ഉടമസ്ഥൻ ഓരോ അഞ്ച് വർഷം കൂടുമ്പോഴും രജിസ്ട്രേഷൻ പുതുക്കേണ്ടതും പുതുക്കലിനുള്ള അപേക്ഷ ഉടമസ്ഥൻ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള വിവരങ്ങൾ അടങ്ങിയ അങ്ങനെയുള്ള ഫോറത്തിൽ അങ്ങനെയുള്ള ഫീസ് സഹിതം അങ്ങനെയുള്ള കാലയളവിനുള്ളിൽ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന് ഉടമസ്ഥൻ സമർപ്പിക്കേണ്ടതുമാണ്.

(12) വ്യവസായ വകുപ്പിൽ നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതോ മറ്റെവിടെയെങ്കിലും രജിസ്റ്റർ ചെയ്തിട്ടുള്ളതോ ആയ സംസ്ഥാനത്തെ എല്ലാ മത്സ്യബന്ധന വല നിർമ്മാണ യൂണിറ്റുകളും മൂന്നുമാസ കാലയളവിനകം മത്സ്യബന്ധന വകുപ്പിൽ നിന്നും ഒരു നിരാക്ഷേപ സർട്ടിഫിക്കറ്റ് വാങ്ങേണ്ടതും ഈ ആക്റ്റിൻ കീഴിൽ നിർണ്ണയിക്കപ്പെടാവുന്ന ഉപാധികൾ പ്രകാരമുള്ള മത്സ്യബന്ധന സാമഗ്രികളുടെ ഗുണമേന്മയും വലക്കണ്ണികളുടെ അളവ് സംബന്ധിച്ച നിയന്ത്രണങ്ങളും പാലിക്കേണ്ടതുമാണ്.

9 എഫ്. രജിസ്റ്റർ ചെയ്യാത്ത മത്സ്യബന്ധന വല നിർമ്മാണ യൂണിറ്റുകളുടെ ഉപയോഗ പ്രവർത്തനത്തിനുള്ള നിരോധനം.—ഈ ആക്റ്റിന്റെ 9ഇ വകുപ്പിൻ കീഴിൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്ത യാതൊരു മത്സ്യബന്ധന വല നിർമ്മാണ യൂണിറ്റും പ്രവർത്തിക്കാൻ അനുവദിക്കാൻ പാടില്ലാത്തതുമാകുന്നു.

9 ജി. രജിസ്ട്രേഷൻ റദ്ദാക്കലും താൽക്കാലികമായി നിർത്തിവയ്ക്കലും.—അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്, ഇക്കാര്യത്തിൽ അദ്ദേഹത്തിന്റെ ലഭ്യമാക്കപ്പെട്ടിട്ടുള്ള ഒരു റഫറൻസിൻമേലോ അല്ലെങ്കിൽ മറ്റു വിധത്തിലോ ഇനി പറയുന്ന കാര്യങ്ങൾ ബോധ്യപ്പെടുന്നപക്ഷം,—

(എ) പ്രധാന വസ്തുതയെ സംബന്ധിച്ച് തെറ്റിദ്ധരിപ്പിച്ചാണ് 9ഇ വകുപ്പ് പ്രകാരം അനുവദിക്കപ്പെട്ട രജിസ്ട്രേഷൻ നേടിയിട്ടുള്ളത്; അല്ലെങ്കിൽ

(ബി) രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ കൈവശക്കാരൻ, ന്യായമായ കാരണമില്ലാതെ രജിസ്ട്രേഷൻ അനുവദിക്കുന്നതിന് ബാധകമാക്കിയിട്ടുള്ള ഉപാധികൾ പാലിക്കുന്നതിൽ വീഴ്ചവരുത്തുകയോ അല്ലെങ്കിൽ ഈ ആക്റ്റിലെയോ അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടത്തിലെയോ അതിൻകീഴിൽ പുറപ്പെടുവിച്ച ഉത്തരവിലെയോ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ, ഈ ആക്റ്റിൻ കീഴിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ കൈവശക്കാരൻ വിധേയമാക്കപ്പെടാവുന്ന മറ്റേതൊരു ശിക്ഷയ്ക്കും ഭംഗം വരാതെ, കാരണം കാണിക്കുവാനുള്ള ന്യായമായ ഒരു അവസരം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ കൈവശക്കാരന് നൽകിയശേഷം അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ രജിസ്ട്രേഷൻ റദ്ദ് ചെയ്യുകയോ താൽക്കാലികമായി നിർത്തിവയ്ക്കുകയോ ചെയ്യാവുന്നതാണ്.

7. 13എ, 13 ബി, 13 സി, 13 ഡി എന്നീ പുതിയ വകുപ്പുകൾ ചേർക്കൽ.—പ്രധാന ആക്റ്റിൽ, 13-ാം വകുപ്പിന് ശേഷം താഴെ പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

13എ. ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളുടെ രൂപീകരണം.—(1) സർക്കാരിന്, സമുദ്ര മത്സ്യബന്ധനത്തിന്റെ ഫലപ്രദമായ നടത്തിപ്പിനും നിരീക്ഷണത്തിനുമായും ഈ ആക്റ്റിലെ വ്യവസ്ഥകൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനും വേണ്ടി , ഗസറ്റ് വിജ്ഞാപനം വഴി, ഒരു ത്രിതല ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ രൂപീകരിക്കാവുന്നതാണ്, അതായത്:—

(എ) ഫിഷിംഗ് വില്ലേജ് മാനേജ്മെന്റ് കൗൺസിൽ;

(ബി) ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ;

(സി) സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ;

(2) ഫിഷിംഗ് വില്ലേജ് മാനേജ്മെന്റ് കൗൺസിലിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) ഗ്രാമ പഞ്ചായത്ത് അല്ലെങ്കിൽ മുനിസിപ്പാലിറ്റി തലവൻ അല്ലെങ്കിൽ മുനിസിപ്പൽ കോർപ്പറേഷൻ ഡിവിഷൻ മെമ്പർ - ചെയർമാൻ;

(ബി) പ്രദേശത്ത് ആധികാരിതയുള്ള മത്സ്യ ഭവന്റെ മേധാവി - മെമ്പർ സെക്രട്ടറി;

(സി) സമീപത്തുള്ള തീരദേശവാർഡുകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളിൽനിന്ന് ഗ്രാമ പഞ്ചായത്തിന്റെയോ/മുനിസിപ്പാലിറ്റിയുടെയോ തലവൻ നാമനിർദ്ദേശം ചെയ്ത രണ്ട് അംഗങ്ങൾ - അംഗങ്ങൾ;

(ഡി) പ്രദേശത്ത് ആധികാരിതയുള്ള ഫിഷറീസ് സഹകരണ സംഘങ്ങളുടെ തിരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റുമാരിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് അംഗങ്ങൾ - അംഗം;

(ഇ) അതേ ഫിഷിംഗ് വില്ലേജിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു മത്സ്യത്തൊഴിലാളി - അംഗം;

(3) ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിൽ താഴെ പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്.—

(എ) ജില്ലാ കളക്ടർ - ചെയർമാൻ;

(ബി) ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ് - മെമ്പർ സെക്രട്ടറി;

(സി) ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് - അംഗം;

(ഡി) കേന്ദ്ര മത്സ്യബന്ധന ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഒരു പ്രതിനിധി - അംഗം;

(ഇ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, മത്സ്യത്തൊഴിലാളി ട്രേഡ് യൂണിയനുകളെ പ്രതിനിധീകരിക്കുന്ന ഓരോ പ്രതിനിധി വീതം - അംഗങ്ങൾ;

(എഫ്) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന സമുദ്ര മത്സ്യബന്ധനം/സംരക്ഷണം എന്നിവയിൽ ഏർപ്പെട്ടിട്ടുള്ള സർക്കാരിതര സംഘടനയിൽ നിന്നുള്ള ഒരു പ്രതിനിധി - അംഗം;

(ജി) ഒരു സബ്ജക്ട് എക്സ്പേർട്ട് - അംഗം;

(4) സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) ഫിഷറീസ് ഡയറക്ടർ - ചെയർമാൻ;

(ബി) അഡീഷണൽ ഡയറക്ടർ, ഫിഷറീസ് - വൈസ് ചെയർമാൻ;

(സി) ഡയറക്ടർ, കേന്ദ്ര മത്സ്യബന്ധന ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് - അംഗം;

(ഡി) ഡയറക്ടർ, കേന്ദ്ര ഫിഷറീസ് ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട് - അംഗം;

(ഇ) സോണൽ ഡയറക്ടർ, ഫിഷറീസ് സർവ്വേ ഓഫ് ഇന്ത്യ - അംഗം;

(എഫ്) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു മത്സ്യബന്ധന വിദഗ്ദ്ധൻ - അംഗം;

(ജി) മത്സ്യത്തൊഴിലാളി ട്രേഡ് യൂണിയനുകളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അഞ്ച് പ്രതിനിധികൾ - അംഗങ്ങൾ;

(എച്ച്) യന്ത്രവൽകൃത യാനങ്ങളുടെ ഓപ്പറേറ്റർമാരുടെ അംഗീകൃത യൂണിയനുകളിൽ നിന്നുള്ള സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് പ്രതിനിധികൾ - അംഗങ്ങൾ;

(ഐ) സമുദ്ര മത്സ്യബന്ധനം/സംരക്ഷണം എന്നിവയിൽ ഏർപ്പെട്ടിട്ടുള്ള സർക്കാരിതര സംഘടനകളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു പ്രതിനിധി - അംഗങ്ങൾ;

(ജെ) സീഫുഡ് എക്സ്പോർട്ടേഴ്സ് അസോസിയേഷന്റെ (എസ്.ഇ.എ.എൽ- ലോക്കൽ ചാപ്റ്റർ), സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു പ്രതിനിധി.- അംഗം;

(കെ) കോസ്റ്റ് ഗാർഡിന്റെ ഒരു പ്രതിനിധി - അംഗം;

(എൽ) സമുദ്രോൽപ്പന്ന കയറ്റുമതി വികസന അതോറിറ്റിയിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു പ്രതിനിധി - അംഗം;

(എം) ജോയിന്റ് ഡയറക്ടർ, ഫിഷറീസ് -മെമ്പർ സെക്രട്ടറി;

(എൻ) ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ് -അംഗം;(ഏകോപനം):

(5) സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് സൊസൈറ്റിയുടെ (FIRMA) നിലവിലുള്ള തസ്തികകളും ബാധ്യതകളും തസ്തികകളും സർക്കാർ ഗസറ്റ് വിജ്ഞാപനംവഴി നിശ്ചയിച്ചേക്കാവുന്ന അങ്ങനെയുള്ള തീയതി മുതൽ പ്രാബല്യത്തോടെ 13 എ വകുപ്പിന്റെ (4)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിച്ച സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിൽ നിക്ഷിപ്തമാകുകയും അതിലേക്ക് കൈമാറ്റം ചെയ്യപ്പെടേണ്ടതുമാണ്. അങ്ങനെയുള്ള തസ്തികകളിലുള്ള ഉദ്യോഗസ്ഥർക്ക് ഈ ആക്റ്റ് പ്രാബല്യത്തിലില്ലായിരുന്നുവെങ്കിൽ എന്നപോലെ അതേ ശമ്പളത്തിനും ബത്തകൾക്കും മറ്റ് സേവന വേതന വ്യവസ്ഥകൾക്കും അർഹതയുണ്ടായിരിക്കുന്നതുമാണ്. സ്റ്റേറ്റ് ഫിഷറീസ് മാനേജ്മെന്റ് സൊസൈറ്റിയിലുള്ള ജോയിന്റ് ഡയറക്ടറുടെ കേഡറിൽ വിന്യസിച്ചിട്ടുള്ള തസ്തിക കൗൺസിലിന്റെ മെമ്പർ സെക്രട്ടറിയായി തുടരുന്നതാണ്. സ്റ്റേറ്റ് ഫിഷറീസ് മാനേജ്മെന്റ് സൊസൈറ്റിയിലുള്ള (FIRMA) ഡെപ്യൂട്ടി ഡയറക്ടറുടെ കേഡറിൽ വിന്യസിച്ചിട്ടുള്ള തസ്തിക കൗൺസിലിന്റെ അംഗം (ഏകോപനം) പ്രവർത്തിക്കുന്നതാണ്.

13 ബി. ഫിഷിംഗ് വില്ലേജ് മാനേജ്മെന്റ് കൗൺസിലിന്റെ അധികാരങ്ങളും, കർത്തവ്യങ്ങളും, ചുമതലകളും.—ഫിഷിംഗ് വില്ലേജ് മാനേജ്മെന്റ് കൗൺസിൽ താഴെ പറയുന്ന അധികാരങ്ങൾ വിനിയോഗിക്കുകയും കർത്തവ്യങ്ങളും ചുമതലകളും നിർവ്വഹിക്കേണ്ടതുമാണ്, അതായത്:—

(i) തദ്ദേശീയമായ ആവശ്യങ്ങൾ പരിഗണിച്ച് ഒരു വില്ലേജ് തല സമുദ്രബന്ധന മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കേണ്ടതും അതിന് ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിന്റെ അംഗീകാരം വാങ്ങുക;

(ii) മത്സ്യബന്ധനത്തെക്കുറിച്ചും മത്സ്യപരിപാലനത്തെക്കുറിച്ചും സമുദ്ര മത്സ്യബന്ധന ആൾക്കാരുടേയും തീരദേശവാസികളുടേയും ഇടയിൽ ബോധവൽക്കരണം നടത്തുക;

(iii) ഫിഷിംഗ് വില്ലേജ് തലത്തിൽ മത്സ്യബന്ധനം നടത്തുന്നവരുടേയും തീരദേശവാസികളുടേയും ഇടയിലുള്ള പ്രശ്നങ്ങളും സാമൂഹ്യ സംഘർഷവും തീർപ്പാക്കുക;

(iv) ഫിഷിംഗ് വില്ലേജിൽ ഈ ആക്റ്റിലെ വ്യവസ്ഥകൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സഹായിക്കുക;

(v) ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിനെ അവരുടെ കർത്തവ്യങ്ങൾ നടപ്പിലാക്കുന്നതിലേക്കായി സഹായിക്കേണ്ടതും കൗൺസിൽ ആവശ്യപ്പെടുന്ന വിവരങ്ങൾ നൽകേണ്ടതും;

(vi) ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ ഏൽപ്പിക്കേണ്ട ചുമതലകൾ നടപ്പിലാക്കുന്നതിനും നിർവഹിക്കുക;

(vii) സമുദ്ര മത്സ്യ സമ്പത്ത് പരിപാലിക്കുന്നതിലേക്കായി ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിന് വിവരങ്ങൾ നൽകുക;

(viii) നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് അധികാരങ്ങളും, ചുമതലകളും കർത്തവ്യങ്ങളും;

13 സി. ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിന്റെ അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും.—ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ താഴെ പറയുന്ന അധികാരങ്ങൾ വിനിയോഗിക്കേണ്ടതും കർത്തവ്യങ്ങളും ചുമതലകളും നിർവ്വഹിക്കേണ്ടതുമാണ്, അതായത്:—

(i) ജില്ലയ്ക്കായി സമുദ്രമത്സ്യബന്ധന മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുകയും സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിന്റെ അംഗീകാരം വാങ്ങുകയും;

(ii) ഫിഷറീസ് വില്ലേജ് മാനേജ്മെന്റ് കൗൺസിൽ തയ്യാറാക്കിയ വില്ലേജ് തല ഫിഷറീസ് മാനേജ്മെന്റ് പദ്ധതിയിൻമേൽ ഉചിതമായ തീരുമാനമെടുക്കുക;

(iii) കാലാകാലങ്ങളിൽ സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ ഏൽപ്പിക്കുന്ന ചുമതലകളും അധികാരങ്ങളും നിർവഹിക്കുക;

(iv) സമുദ്രമത്സ്യബന്ധനം നടത്തുന്നവരുടേയും തീരദേശവാസികളുടേയും ഇടയിൽ ജില്ലാതല അവബോധ ക്ലാസ്സുകൾ നടത്തുക;

(v) ഫിഷിംഗ് വില്ലേജ് മാനേജ്മെന്റ് കൗൺസിലുകൾ തമ്മിലുള്ളതും അവർ റഫർ ചെയ്യുന്ന പ്രശ്നങ്ങളും അഭിപ്രായവ്യത്യാസം പരിഹരിക്കുക;

(vi) ജില്ലയിൽ ഈ ആക്റ്റിലെ വ്യവസ്ഥകൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് സഹായിക്കുക;

(vii) സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിന്റെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി അതിനെ സഹായിക്കുകയും ആ കൗൺസിൽ ആവശ്യപ്പെടുന്ന വിവരങ്ങൾ നൽകുകയും ചെയ്യുക;

(viii) സമുദ്ര മത്സ്യസമ്പത്ത് സംരക്ഷിക്കുന്ന കാര്യങ്ങളിൽ സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിന് വിവരങ്ങൾ നൽകുക;

(ix) നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും.

13 ഡി. സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിന്റെ അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും.— സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ താഴെ പറയുന്ന അധികാരങ്ങൾ വിനിയോഗിക്കേണ്ടതും കർത്തവ്യങ്ങളും ചുമതലകളും നിർവ്വഹിക്കേണ്ടതുമാണ്, അതായത്:—

(i) സംസ്ഥാനത്തിനോ അതിന്റെ ഭാഗത്തിനോ വേണ്ടിയോ മറൈൻ ഫിഷറി മാനേജ്മെന്റ് പ്ലാനുകൾ തയ്യാറാക്കുകയും നടപ്പാക്കുകയും ചെയ്യുക;

(ii) മാരി കൾച്ചറിനും സംരക്ഷണ പ്രവർത്തനങ്ങൾക്കുമായി അനുയോജ്യമായ സ്ഥലങ്ങൾ/പ്രദേശങ്ങൾ കണ്ടെത്തുന്നതിന് ഫിഷറീസ് ഡയറക്ടറെ ഉപദേശിക്കുക;

(iii) തീരദേശവാസികൾക്കും സമുദ്ര മത്സ്യബന്ധനം നടത്തുന്നവർക്കുമിടയിൽ ബോധവൽക്കരണം സൃഷ്ടിക്കുന്നതിന് ഫിഷറീസ് വകുപ്പിന് സാങ്കേതികവും മറ്റ് സഹായങ്ങളും നൽകുക;

(iv) മാരികൾച്ചറിന്റെയും സമുദ്ര മത്സ്യ വിഭവങ്ങളുടെ സംരക്ഷണത്തിന്റെയും വിളവെടുപ്പിന് ശേഷമുള്ള പ്രവർത്തനം എന്നീ മേഖലകളിൽ പരിശീലന പരിപാടികൾ, സെമിനാറുകൾ, വർക്ക്ഷോപ്പുകൾ എന്നിവ നടത്തുക;

(v) ജില്ലാ കൗൺസിലുകൾ തമ്മിലും ജില്ലാ കൗൺസിലുകൾ റഫർ ചെയ്യുന്നതുമായ പ്രശ്നങ്ങളും ഭിന്നതകളും പരിഹരിക്കുക;

(vi) മാരികൾച്ചറിന്റെയും സമുദ്ര മത്സ്യ വിഭവങ്ങളുടെ സംരക്ഷണത്തിന്റെയും നടത്തിപ്പിന്റെയും സയിന്റിഫിക് പേപ്പറുകൾ, ബുക്കുകൾ, ആഡിയോ വീഡിയോ കാസറ്റുകൾ, ജേർണലുകൾ എന്നിവ പ്രസിദ്ധീകരിക്കുക;

(vii) തീരദേശവാസികൾക്കും സമുദ്രമത്സ്യബന്ധനം നടത്തുന്നവർക്കും ഉപയോഗിക്കുന്നതിന് വേണ്ടി ഫിഷറി ഇൻഫർമേഷൻ സെന്ററുകളും വിനിമയ സൗകര്യങ്ങളും ആരംഭിക്കുക;

(viii) സമുദ്ര മത്സ്യ വിഭവങ്ങളുടെ സംരക്ഷണത്തിനും നടത്തിപ്പിനുമായി സംസ്ഥാന സർക്കാരിന് വിവരം നൽകുക;

(ix) സമുദ്ര മത്സ്യ വിഭവങ്ങളുടെ സുസ്ഥിരമായ ഭരണ നടത്തിപ്പിനും സംരക്ഷണത്തിനുമായി സർവ്വകലാശാലകൾ, ഗവേഷണ സംഘടനകൾ തമ്മിലുള്ള പരസ്പര പ്രവർത്തനങ്ങളെ പ്രോൽസാഹിപ്പിക്കുകയും പിൻതാങ്ങുകുകയും ചെയ്യുക;

(x) ഫിഷറീസ് മേഖലയിലെ രാജ്യത്തിനകത്തോ വിദേശത്തോ ഉള്ള മറ്റ് ഏജൻസികളുമായി പരസ്പര സമ്പർക്കം പുലർത്തുക;

(xi) മേൽ ലക്ഷ്യങ്ങൾ എല്ലാമോ ഏതെങ്കിലുമോ നിറവേറ്റുക എന്ന ലക്ഷ്യത്തോടെ സർക്കാർ, അർദ്ധസർക്കാർ അല്ലെങ്കിൽ സർക്കാരിതര ഏജൻസികൾ, വ്യക്തികൾ, അല്ലെങ്കിൽ മറ്റേതെങ്കിലും കേന്ദ്രങ്ങളിൽ നിന്ന് ഡൊണേഷനുകളോ, ഗ്രാന്റുകളോ സംഭാവനകളോ സാമ്പത്തിക സഹായങ്ങളോ സ്വീകരിക്കുക;

(xii) സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിന്റെ ഭരണനിർവഹണത്തിനും പ്രസ്തുത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും കാരണമായതോ ആനുഷംഗിതമായതോ ആയ എല്ലാ അങ്ങനെയുള്ള ന്യായമായ സംഗതികളും ചെയ്യുകയോ ചെയ്യിക്കുകയോ;

(xiii) കൈമാറാവുന്ന പ്രമാണങ്ങളും സെക്യൂരിറ്റികളും ഉൾപ്പെടെയുള്ള ഏതെങ്കിലും തരത്തിലുള്ള സമ്പത്ത് ആർജ്ജിക്കുകയോ കൈവശം വയ്ക്കുകയോ സ്വീകരിക്കുകയോ ചെയ്യുക;

(xiv) സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിന്റെ സ്വന്തമായിട്ടുള്ള ഏതെങ്കിലും തരത്തിലുള്ള സമ്പത്ത് കൈകാര്യം ചെയ്യുകയും അതിൽ നിന്നുള്ള വരുമാനം സംസ്ഥാന കൗൺസിലിന്റെ നടത്തിപ്പിന് ഉപയോഗിക്കുകയും ചെയ്യുക;

(xv) ഏതെങ്കിലും തരത്തിലുള്ള സാധനങ്ങളോ വസ്തുക്കളോ വാങ്ങുകയോ സംരക്ഷിക്കുകയോ വിൽക്കുകയോ ചെയ്യുന്നതിനും അതിൽ നിന്നുള്ള വരുമാനം സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിന്റെ നടത്തിപ്പിന് ഉപയോഗിക്കുക;

(xvi) സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾക്കും അതുമായി ബന്ധപ്പെട്ടിട്ടുള്ള കരാറിൽ ഏർപ്പെടുകയും നിയമപരമായ നടപടി എടുക്കുകയും;

(xvii) ഏതെങ്കിലും വിവാദ വിഷയത്തിൽ ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ എടുത്ത തീരുമാനം ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണെന്ന് കണ്ടാൽ സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിന് അത് പരിശോധിക്കുകയും അത്തരം വിവാദ വിഷയത്തിൽ പുതിയ തീരുമാനങ്ങൾ എടുക്കുകയും ചെയ്യുക;

(xviii) നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റേതെങ്കിലും അധികാരങ്ങളും ചുമതലകളും കർത്തവ്യങ്ങളും.

8. <u>14-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 14-ാം വകുപ്പിൽ,—

(എ) മാർജിനൽ ശീർഷകത്തിൽ, "മത്സ്യബന്ധന നൗക" എന്ന വാക്കുകൾക്ക് ശേഷം "ബോട്ട് നിർമ്മാണ യൂണിറ്റും മത്സ്യബന്ധന വലനിർമ്മാണ യൂണിറ്റും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) നിലവിലുള്ള വകുപ്പിനെ (1)-ാം ഉപവകുപ്പായി പുനരക്കമിടേണ്ടതും അപ്രകാരം പുനരക്കമിട്ട ഉപവകുപ്പിന് ശേഷം, ഇനിപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതുമാണ്, അതായത്:—

"(2) ഈ ആക്റ്റിലേയോ അതിൻകീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടത്തിലേയോ പുറപ്പെടുവിച്ച ഉത്തരവിലേയോ ഏതെങ്കിലും വ്യവസ്ഥകൾക്കോ, രജിസ്ട്രേഷൻ സംബന്ധിച്ച ഏതെങ്കിലും ഉപാധികൾക്കോ വിരുദ്ധമായി ഏതെങ്കിലും ബോട്ട് നിർമ്മാണ യാർഡോ മത്സ്യബന്ധന വല നിർമ്മാണ യൂണിറ്റോ ഉപയോഗിക്കുന്നുണ്ടെന്ന് വിശ്വസിക്കാൻ കാരണമുള്ളപക്ഷം അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന് ആ ബോട്ട് നിർമ്മാണ യാർഡിലോ മത്സ്യബന്ധന വല നിർമ്മാണ യൂണിറ്റിലോ പ്രവേശിക്കാവുന്നതും തിരച്ചിൽ നടത്താവുന്നതും, തിരച്ചിൽ സംബന്ധിച്ച ഒരു റിപ്പോർട്ട് അഡ്ജ്യൂഡിക്കേറ്റിങ്ങ് ആഫീസർക്ക് അയച്ചുകൊടുക്കാവുന്നതുമാണ്.

9. 16-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 16-ാം വകുപ്പിൽ, (2)-ാം ഉപവകുപ്പിന് ശേഷം, താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:-

(3) ബോട്ട് നിർമ്മാണ യാർഡിലും മത്സ്യബന്ധന വല നിർമ്മാണ യൂണിറ്റിലും തിരച്ചിൽ നടത്തിയത് സംബന്ധിച്ച റിപ്പോർട്ട് അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ലഭിച്ചശേഷം, ഈ ആക്റ്റിലേയോ അതിൻകീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടത്തിലേയോ, പുറപ്പെടുവിച്ച ഉത്തരവിലേയോ ഏതെങ്കിലും വ്യവസ്ഥകൾക്കോ രജിസ്ട്രേഷനുവേണ്ടിയുള്ള നിബന്ധനകൾക്കോ വിരുദ്ധമായി ഏതെങ്കിലും ബോട്ട് നിർമ്മാണശാല ഉപയോഗിക്കുകയോ ഉപയോഗിച്ചെന്നോ വിശ്വസിക്കാൻ കാരണമുള്ള പക്ഷം, പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരു അവസരം ബന്ധപ്പെട്ട എല്ലാ കക്ഷികൾക്കും നൽകിയതിനുശേഷം റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള കാര്യങ്ങളെപ്പറ്റി നിർണ്ണയിക്കപ്പെട്ട രീതിയിൽ അഡ്ജുഡിക്കേറ്റിംഗ് ഓഫീസർ ഒരു അന്വേഷണം നടത്തേണ്ടതാണ് .

10. 17-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 17-ാം വകുപ്പിൽ,—

(1) (1)-ാം ഉപവകുപ്പിന്റെ ക്ലിപ്തനിബന്ധനയിൽ, "ചെയ്തിട്ടുണ്ടായിരുന്നോ എന്നോ" എന്ന വാക്കുകൾക്ക് ശേഷം "അല്ലെങ്കിൽ ബോട്ട് നിർമ്മാണ യൂണിറ്റിന്റെ ഉടമസ്ഥൻ 9എ, 9ബി, 9സി, 9ഡി എന്നീ വകുപ്പുകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുകയും മത്സ്യബന്ധന വലനിർമ്മാണ യൂണിറ്റിന്റെ ഉടമസ്ഥൻ 9ഇ, 9എഫ്, 9ജി എന്നീ വകുപ്പുകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട് എന്നോ എന്നീ വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതും "ഇരുപത്തയ്യായിരം രൂപയിൽ കുറയാത്തതും എന്നാൽ അൻപതിനായിരം രൂപവരെ ആകാവുന്നതുമായ" എന്നീ വാക്കുകൾക്ക് പകരം "രണ്ടുലക്ഷത്തി അമ്പതിനായിരം രൂപ വരെ ആകാവുന്ന" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്".

(2) (2)-ാം ഉപവകുപ്പിന് ശേഷം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(3) യാതൊരാളും,—

(എ) നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഹോളോഗ്രാഫിക് രജിസ്ട്രേഷൻ പ്ലേറ്റ്/കളർ കോഡിങ്, എന്നിവയില്ലാത്ത ഒരു യാനത്തിൽ മത്സ്യബന്ധനം നടത്താൻ പാടില്ലാത്തതും;

(ബി) ജീവൻരക്ഷാ ഉപകരണങ്ങൾ ഇല്ലാത്ത ഒരു യാനം ഉപയോഗിക്കാൻ പാടില്ലാത്തതും;

(സി) സാക്ഷ്യപ്പെടുത്തിയ സ്രാങ്ക്/എഞ്ചിൻ ഡ്രൈവർ ഇല്ലാത്ത ഒരു യാനം ഉപയോഗിക്കാൻ പാടില്ലാത്തതും;

(ഡി) നിർണ്ണയിക്കപ്പെട്ട സിഗ്നൽ കൊടി അല്ലെങ്കിൽ ലൈറ്റ് എന്നിവയില്ലാത്ത ഒരു യാനം ഉപയോഗിക്കാൻ പാടില്ലാത്തതും;

(ഇ) പെയർ ട്രോളിംഗ് അല്ലെങ്കിൽ രാത്രികാല ട്രോളിംഗ് അല്ലെങ്കിൽ മറ്റ് നിരോധിക്കപ്പെട്ടതും നിയമവിരുദ്ധമായതും വിനാശകരമായതും ആയ മത്സ്യബന്ധന രീതികളിൽ ഏർപ്പെടാൻ പാടില്ലാത്തതും;

ആകുന്നു.

(4) (3)-ാം ഉപ വകുപ്പിന്റെ വ്യവസ്ഥകൾ ലംഘിക്കുകയും കുറ്റവാളിയാണെന്ന് കണ്ടെത്തുകയും ചെയ്യുന്ന ഏതൊരാളും,—

(എ) 10 കുതിര ശക്തിയിൽ താഴെ എഞ്ചിൻ ഘടിപ്പിച്ച യന്ത്രശക്തിയാലല്ലാതെയുള്ള മത്സ്യബന്ധന യാനത്തിന്, രണ്ടായിരത്തി അഞ്ഞൂറ് രൂപ പിഴയടയ്ക്കാൻ ബാധ്യസ്ഥനായിരിക്കുന്നതും;

(ബി) 10-100 കുതിര ശക്തിയുള്ള എഞ്ചിൻ ഘടിപ്പിച്ച മത്സ്യബന്ധന യാനത്തിന്, പതിനായിരം രൂപ പിഴയടയ്ക്കാൻ ബാധ്യസ്ഥനായിരിക്കുന്നതും;

(സി) 100 കുതിര ശക്തിക്കുമേൽ എഞ്ചിൻ ഘടിപ്പിച്ച യാനത്തിന് ഇരുപത്തി അയ്യായിരം രൂപ വരെ പിഴയടയ്ക്കാൻ ബാധ്യസ്ഥനായിരിക്കുന്നതും

ആകുന്നു.

എന്നാൽ, (2)-ാം ഉപവകുപ്പിൻ കീഴിലുള്ള ഒരു കുറ്റം ഒരാളിൽ രണ്ടാം തവണയും ചുമത്തുന്ന പക്ഷം അങ്ങനെയുള്ള ആൾ ആ കുറ്റകൃത്യത്തിന് നിശ്ചയിച്ചിട്ടുള്ള പരമാവധി പിഴ തുകയുടെ രണ്ട് ഇരട്ടി നൽകി ശിക്ഷിക്കപ്പെടേണ്ടതും പിന്നീട് ചെയ്യുന്ന ഓരോ കുറ്റകൃത്യത്തിനും രജിസ്ട്രേഷനും ലൈസൻസും റദ്ദ് ചെയ്യേണ്ടതുമാണ്.

(5) അഡ്ജുഡിക്കേറ്റിംഗ് ഓഫീസർ ഈ വകുപ്പിൻ കീഴിൽ ഏതെങ്കിലും പിഴ ഈടാക്കുന്നതിന് മുൻപ്, അങ്ങനെയുള്ള സംഗതികളിന്മേൽ നിർണ്ണയിക്കപ്പെട്ട പ്രകാരം ഒരു അന്വേഷണം നടത്തേണ്ടതും തീരുമാനം എടുക്കുന്നതിന് മുൻപ് ബന്ധപ്പെട്ട എല്ലാ കക്ഷികളേയും കേൾക്കുവാനുള്ള ഒരവസരം നൽകേണ്ടതുമാണ്.

(6) ഈ ആക്റ്റിൻ കീഴിൽ ചുമത്തപ്പെട്ട എല്ലാ പിഴ ശിക്ഷയും ഭൂമിയുടെ വരുമാനത്തിന്റെ കുടിശ്ശിക എന്ന രീതിയിൽ പിടിച്ചെടുക്കേണ്ടതാണ്.

11. 24-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 24-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിൽ,—

(എ) (ഇ) ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

(ഇഎ) 4 വകുപ്പ് (1)-ാം ഉപവകുപ്പ് (ഇ) ഖണ്ഡപ്രകാരം ഫിഷിംഗ് ഗിയറിന്റെ ഉൽപ്പാദനവും, സംരക്ഷിക്കലും, വഹനവും ചെയ്യേണ്ട രീതി നിർണ്ണയിക്കപ്പെട്ട പ്രകാരം ആയിരിക്കേണ്ടതാണ്;

(ഇബി) യഥാക്രമം 9എ വകുപ്പ് (2)-ാം ഉപവകുപ്പിന്റെയും 9ഇ വകുപ്പ് (2)-ാം ഉപവകുപ്പിന്റെയും കീഴിൽ ബോട്ട് നിർമ്മാണയാർഡിന്റെയും മത്സ്യബന്ധന വലനിർമ്മാണ യൂണിറ്റിന്റെയും രജിസ്ട്രേഷന് വേണ്ടിയുള്ള അപേക്ഷയുടെ ഫാറവും അതിൽ ഉൾക്കൊള്ളിക്കേണ്ട വിവരങ്ങളും ആയതിനുള്ള ഫീസും ;

(ഇസി) 9എ വകുപ്പ് (3)-ാം ഉപവകുപ്പിൻ കീഴിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള ഒരു അപേക്ഷ അനുവദിക്കുന്നതിനോ നിരസിക്കുന്നതിനോ ഉള്ള കാലാവധി;

(ഇഡി) 9എ വകുപ്പ് (4)-ാം ഉപവകുപ്പ് (എ) ഖണ്ഡത്തിൻകീഴിലുള്ള ബോട്ട് നിർമ്മാണശാലയുടെ അളവ് വിവരങ്ങൾ;

(ഇഇ) 9-ാം വകുപ്പ് (4)-ാം ഉപവകുപ്പ് (ബി) ഖണ്ഡ പ്രകാരമുള്ള സത്യപ്രസ്താവനയുടെ ഫാറവും (ഡി) ഖണ്ഡത്തിൻ പ്രകാരം സജ്ജമാക്കേണ്ട മറ്റ് സൗകര്യങ്ങളും ;

(ഇഎഫ്) 9എ വകുപ്പ് (4)-ാം ഉപവകുപ്പ് (ഡി) ഖണ്ഡപ്രകാരം സജ്ജമാക്കേണ്ട മറ്റ് സൗകര്യങ്ങൾ;

(ഇജി) 9എ വകുപ്പ് (7)-ാം ഉപവകുപ്പ്, 9ഇ വകുപ്പ് (9)-ാം ഉപവകുപ്പിനും കീഴിൽ നൽകിയിട്ടുള്ള രജിസ്ട്രേഷൻ അടയാളം പ്രദർശിപ്പിക്കേണ്ട രീതി;

(ഇഎച്ച്) 9എ വകുപ്പ് (5)-ാം ഉപവകുപ്പും 9ഇ വകുപ്പ് (6)-ാം ഉപവകുപ്പും പ്രകാരമുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ ഫാറം, രജിസ്ട്രേഷനുള്ള ഉപാധികൾ, ഒടുക്കേണ്ടതായ ഫീസ്, കൂടാതെ ഉപാധികൾ യഥാവിധി പാലിക്കുന്നതിനുള്ള സെക്യൂരിറ്റി;

(ഇഐ) 9എ വകുപ്പ് (9)-ാം ഉപവകുപ്പ് പ്രകാരമുള്ള ബോട്ടിന്റെ രൂപകൽപ്പനയുടെ തരവും, സഞ്ചാരയോഗ്യതയും;

(ഇജെ) 9ബി വകുപ്പ് (2)-ാം ഉപവകുപ്പിൻ കീഴിൽ ബോട്ട് നിർമ്മാണ യാർഡിന്റെ രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള അപേക്ഷയുടെ ഫാറവും അതിൽ ഉൾക്കൊള്ളിക്കേണ്ട വിവരങ്ങളും അതോടൊപ്പം വേണ്ട ഫീസും;

(ഇകെ) 9ബി വകുപ്പ് (3)-ാം ഉപവകുപ്പിൻ കീഴിൽ രജിസ്ട്രേഷൻ പുതുക്കുന്നതിനായി അപേക്ഷ അനുവദിക്കുന്നതിനോ, നിരസിക്കുന്നതിനോ ഉള്ള കാലാവധിയും നിർദ്ദിഷ്ട കാലാവധിക്ക് ശേഷം നൽകുന്ന അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള വ്യവസ്ഥകളും ആയത് സ്വീകരിക്കുന്നതിനുള്ള വർദ്ധിപ്പിച്ച ഫീസും;

(ഇഎൽ) 9എ വകുപ്പ് (10)-ാം ഉപവകുപ്പും 9ഇ വകുപ്പിന്റെ (8)-ാം ഉപവകുപ്പും പ്രകാരം പരിശോധന നടത്തേണ്ടുന്ന രീതി;

(ഇഎം) 9എ വകുപ്പ് (11)-ാം ഉപവകുപ്പിൽ വിനിർദ്ദേശിക്കുന്ന പ്രകാരം ബോട്ട് നിർമ്മാണ യാർഡിന്റെ ശാലയുടെ പ്രവർത്തനം നടത്തേണ്ടുന്ന രീതി;

(ഇഎൻ) 9ഇ വകുപ്പ് (12)-ാം ഉപവകുപ്പിൽ വിനിർദ്ദേശിക്കുന്ന മത്സ്യബന്ധന വലനിർമ്മാണ വസ്തുക്കളുടെ ഗുണനിലവാരവും വലയുടെ വലിപ്പം ക്രമീകരിക്കലും;

(ഇഒ) 13ബി വകുപ്പിൻ കീഴിൽ വിനിർദ്ദേശിച്ച പ്രകാരം സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിന്റെ അധികാരങ്ങളും ചുമതലകളും നിർവ്വഹിക്കേണ്ട രീതിയും;

(ഇപി) 13സി വകുപ്പിൻ കീഴിൽ വിനിർദ്ദേശിച്ച പ്രകാരം ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിന്റെ അധികാരങ്ങളും ചുമതലകളും നിർവ്വഹിക്കേണ്ട രീതിയും;

(ഇക്യു) 13ഡി വകുപ്പിൻ കീഴിൽ വിനിർദ്ദേശിച്ച പ്രകാരം ജില്ലാ ഫിഷിംഗ് വില്ലേജ് മാനേജ്മെന്റ് കൗൺസിലിന്റെ അധികാരങ്ങളും ചുമതലകളും നിർവ്വഹിക്കേണ്ട രീതിയും;

(ഇആർ). 16-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം അന്വേഷണം നടത്തേണ്ട രീതി;

(ബി) (ജെ) ഖണ്ഡത്തിൽ, "(2)-ാം ഉപവകുപ്പ് പ്രകാരം" എന്ന വാക്കിനും ബ്രാക്കറ്റുകൾക്കും അക്കത്തിനും പകരം "(2)-ഉം (3)-ഉം ഉപവകുപ്പുകൾ പ്രകാരം" എന്നീ വാക്കുകളും ബ്രാക്കറ്റുകളും അക്കങ്ങളും ചേർക്കേണ്ടതാണ് .

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സംസ്ഥാനത്തിന്റെ സമുദ്ര മത്സ്യ വിഭവങ്ങൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കിക്കൊണ്ടും സമുദ്രമത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികളുടെ താല്പര്യം സംരക്ഷിക്കുന്നതിനും വേണ്ടി മത്സ്യബന്ധന നൗകകൾക്ക് സംസ്ഥാനത്തെ തീരരേഖയിലുള്ള സമുദ്രത്തിൽ മത്സ്യബന്ധനം നടത്തുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്തുകൊണ്ടുള്ള 1980-ലെ കേരള സമുദ്രമത്സ്യബന്ധന നിയന്ത്രണ ആക്റ്റ് (1981-ലെ 10) കേരള സർക്കാർ ഉണ്ടാക്കുകയുണ്ടായി. ബോട്ട് നിർമ്മാണ യാർഡുകളുടെ രജിസ്ട്രേഷനും വലനിർമ്മാണവും വില്പനയും യൂണിറ്റിന്റെ രജിസ്ട്രേഷനും, ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളുടെ രൂപീകരണത്തിനും വേണ്ടി ആക്റ്റിൽ ഇപ്പോൾ വ്യവസ്ഥയില്ല.

2. എല്ലാ മത്സ്യബന്ധന നൗകകളുടെയും നിർമ്മാണം 1980-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ ആക്റ്റിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനായി, ആക്റ്റിൽ അനുയോജ്യമായ ഭേദഗതി വരുത്തേണ്ടതാണ്. മത്സ്യ സമ്പത്തിന് ഗുരുതരമായ ഭീഷണി ഉയർത്തിക്കൊണ്ട് ഫിഷിംഗ് ഗിയറിന്റെ ഉപയോഗത്തിലുള്ള നിയന്ത്രണവും ഫിഷിംഗ് ഗിയറിന്റെ അളവും ആക്റ്റിൽ ഉൾപ്പെടുത്തേണ്ടതാണ്. എല്ലാ മത്സ്യബന്ധന വല നിർമ്മാണ വ്യാപാരികളെയും നിയന്ത്രണത്തിന്റെയും ലൈസൻസിംഗിന്റേതുമായ ഒരു സംവിധാനത്തിൽ കൊണ്ടുവരുന്നതു വഴി ഫിഷിംഗ് ഗിയറിൽ നിയന്ത്രണം ഏർപ്പെടുത്തുവാൻ കഴിയുന്നതാണ്. അതിനാൽ, നിർമ്മാണ യൂണിറ്റുകൾ ഫിഷറീസ് വകുപ്പിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള വ്യവസ്ഥ ആവശ്യമാണ്.

3. സമുദ്ര മത്സ്യബന്ധനത്തിന്റെ ഫലപ്രദമായ നടത്തിപ്പിനും മേൽനോട്ടത്തിനും വേണ്ടി വില്ലേജ്, ജില്ല, സംസ്ഥാന തലങ്ങളിൽ ത്രിതല ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിക്കത്തക്കവിധം അവയ്ക്ക് ചില അധികാരങ്ങളും ചുമതലകളും നൽകിക്കൊണ്ട് ഒരു പുതിയ വ്യവസ്ഥ ആക്റ്റിൽ ചേർക്കേണ്ടതാണ്.

4. ആക്റ്റിലെ വ്യവസ്ഥകളുടെ ലംഘനത്തിന് പിഴ ഈടാക്കുന്നതിനായി പ്രസ്തുത ആക്റ്റ് വ്യവസ്ഥ ചെയ്യുന്നു. എന്നാൽ, പണത്തിന്റെ മൂല്യച്യുതി കണക്കിലെടുത്തും യാനത്തിന്റെ ഇനം, കുറ്റകൃത്യത്തിന്റെ സ്വഭാവം എന്നിവയനുസരിച്ച് പിഴയുടെ അളവും വ്യാപ്തിയും പുതുക്കേണ്ടതാണ്. ചുമത്തപ്പെടുന്ന പിഴ വസൂലാക്കുവാൻ ആക്റ്റ് പ്രകാരം ഇപ്പോൾ വ്യവസ്ഥയില്ല. ആയതിനാൽ, ഈ ആക്റ്റ് പ്രകാരം ചുമത്തപ്പെടുന്ന ഏതൊരു പിഴയും ഭൂനികുതിയിന്മേലുള്ള പൊതു കുടിശ്ശിക എന്ന നിലയിൽ വസൂലാക്കുവാനും ഇതു സംബന്ധിച്ച് ആക്റ്റിൽ ഒരു വ്യവസ്ഥ ഉൾക്കൊള്ളിക്കുവാനും സർക്കാർ തീരുമാനിച്ചു.

5. മേൽ പ്രസ്താവിച്ച ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിലെ 6-ാം ഖണ്ഡ പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന 9എ മുതൽ 9ഡി വരെ വകുപ്പുകൾ ബോട്ട് നിർമ്മാണ യാർഡിന്റെ രജിസ്ട്രേഷനും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നു. പുതുതായി ചേർക്കാൻ ഉദ്ദേശിക്കുന്ന 13എ മുതൽ 13ഡി വരെ വകുപ്പുകൾ ത്രിതല ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിക്കാൻ വ്യവസ്ഥ ചെയ്യുന്നു. ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ പ്രസ്തുത വകുപ്പുകൾ സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും ചിലവ് ഉണ്ടാക്കുന്നതാണ്. അതിനാൽ എഴുപത്തിയഞ്ച് ലക്ഷം രൂപയുടെ ഒരു ആവർത്തക ചെലവ് പ്രതീക്ഷിക്കുന്നു. 9ഇ മുതൽ 9ജി വരെയുള്ള വകുപ്പുകളിൽ വ്യവസ്ഥ ചെയ്ത പ്രകാരം വലനിർമ്മാണ യൂണിറ്റിന്റെ രജിസ്ട്രേഷനും ബന്ധപ്പെട്ട കാര്യങ്ങൾക്കും വേണ്ടി നിലവിൽ ലഭ്യമായ സൗകര്യങ്ങൾ ഉപയോഗപ്പെടുത്താൻ സാധിക്കുമെന്നതിനാൽ ആയതിന് യാതൊരു അധിക ചെലവും പ്രതീക്ഷിക്കുന്നില്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 5-ാം ഖണ്ഡ പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന 4-ാം വകുപ്പ് ഫിഷിംഗ് ഗിയറിന്റെ തരവും ഇനവും വലിപ്പവും, മത്സ്യത്തെ പിടിക്കുവാനോ അല്ലെങ്കിൽ നശിപ്പിക്കുവാനോ ഏതെങ്കിലും ഡൈനാമൈറ്റിന്റെയോ അല്ലെങ്കിൽ വേറെയേതെങ്കിലും സ്ഫോടകവസ്തുക്കളുടെയോ, വിഷമോ അല്ലെങ്കിൽ മാരകമായതോ, ലഘുവായതോ അല്ലെങ്കിൽ വേറെയേതെങ്കിലും ഹാനികരമായ വസ്തുക്കളുടെയോ ഉപയോഗവും നിർണ്ണയിച്ചുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

ബില്ലിലെ 6-ാം ഖണ്ഡത്തിൽ,—

(i) പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന 9എ വകുപ്പ്, ബോട്ട് നിർമ്മാണ യാർഡിന്റെ രജിസ്ട്രേഷനുള്ള ഫാറം, വിവരങ്ങൾ, അതോടൊപ്പം നൽകേണ്ടുന്ന ഫീസ്, രജിസ്ട്രേഷനുള്ള അപേക്ഷ സ്വീകരിക്കുകയോ നിരസിക്കുകയോ ചെയ്യുന്നതിനുള്ള കാലാവധി, ബോട്ട് നിർമ്മാണ യാർഡിനു വേണ്ട അളവ് വിവരങ്ങൾ, നൗകയുടെ ഉപയോഗവും ആവശ്യവും കാണിക്കുന്ന പ്രഖ്യാപനത്തിനുള്ള ഫാറം, ബോട്ട് നിർമ്മാണ യാർഡ് സംബന്ധിച്ച മറ്റ് സജ്ജീകരണങ്ങൾ, ഫീസ്, ഫാറം, ഉപാധികൾ, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള സെക്യൂരിറ്റി, രജിസ്ട്രേഷൻ മാർക്ക് പ്രദർശിപ്പിക്കുന്നതിൽ മത്സ്യബന്ധന നൗകകൾ സമുദ്രയാത്രാ യോഗ്യമാണെന്ന് വ്യക്തമാക്കുക, ബോട്ട് നിർമ്മാണ യാർഡിന്റെ പരിശോധന നടത്തുന്ന രീതി, ബോട്ട് നിർമ്മാണ യാർഡിന്റെ പ്രവർത്തനവും അതിന്റെ വിവിധ ഘട്ടങ്ങളിൽ നേവൽ ആർക്കിടെക്റ്റ് പരിശോധന നടത്തുന്നതിന്റെ രീതിയും നിർണ്ണയിച്ചുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(ii) പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന 9ബി വകുപ്പ്, ബോട്ട് നിർമ്മാണ യാർഡിന്റെ രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള ഫാറ വിവരങ്ങൾ, കാലാവധി, ബോട്ട് നിർമ്മാണ യാർഡിന്റെ രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള അപേക്ഷ സ്വീകരിക്കുകയോ നിരസിക്കുകയോ ചെയ്യുന്നതിനുള്ള കാലാവധി, കാലാവധിക്കുശേഷം ബോട്ട് നിർമ്മാണ യാർഡിന്റെ രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള ഉയർന്ന ഫീസ് എന്നിവ നിർണ്ണയിച്ചുകൊണ്ട് ചട്ടങ്ങൾ ഉാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(iii) പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന 9ഇ വകുപ്പ്, മത്സ്യബന്ധന വല നിർമ്മാണ യൂണിറ്റിന്റെ രജിസ്ട്രേഷനുള്ള ഫാറം, വിവരങ്ങൾ, ഫീസ്, മത്സ്യബന്ധന വല നിർമ്മാണ യൂണിറ്റിന്റെ രജിസ്ട്രേഷനുള്ള അപേക്ഷ സ്വീകരിക്കുകയോ നിരസിക്കുകയോ ചെയ്യുന്നതിനുള്ള കാലാവധി, മത്സ്യബന്ധന വല നിർമ്മാണ യൂണിറ്റിന്റെ രജിസ്ട്രേഷൻ അനുവദിക്കുന്നതിനുള്ള ഫോറം, ഉപാധികൾ, ഫീസ്, മത്സ്യബന്ധന വല നിർമ്മാണ യൂണിറ്റിൽ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധന നടത്തുന്ന രീതി, രജിസ്റ്റർ ചെയ്ത മത്സ്യബന്ധന വല നിർമ്മാണ യൂണിറ്റിന്റെ രജിസ്ട്രേഷൻ മാർക്ക് പ്രദർശിപ്പിക്കുന്ന രീതി, മത്സ്യബന്ധന വല നിർമ്മാണ യൂണിറ്റിന്റെ ഉടമസ്ഥൻ രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള ഫാറം, വിവരങ്ങൾ, ഫീസ്, കാലാവധി ബാധ്യതാരഹിത സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള ഉപാധികൾ, മത്സ്യബന്ധന സാധനങ്ങളുടെ നിലവാരവും വലക്കണ്ണികളുടെ വലിപ്പം എന്നിവ നിർണ്ണയിച്ചുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

ബില്ലിലെ 7-ാം ഖണ്ഡത്തിൽ,—

(i) പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന 13എ വകുപ്പ്, വിജ്ഞാപന പ്രകാരം ഒരു ത്രിതല ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിക്കുന്നതിനും, സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് സൊസൈറ്റി (FIRMA) യിലെ നിലവിലുള്ള ആസ്തിയും ബാധ്യതകളും തസ്തികകളും സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിലേക്ക് നിക്ഷിപ്തമാവുകയും കൈമാറ്റം ചെയ്യപ്പെടുന്നതിനുമുള്ള തീയതി വിജ്ഞാപനം ചെയ്യുന്നതിനും സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(ii) പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന 13ബി വകുപ്പ് ഫിഷിംഗ് വില്ലേജ് മാനേജ്മെന്റ് കൗൺസിലിന്റെ അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും നിർണ്ണയിച്ചുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(iii) പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന 13സി വകുപ്പ് ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിന്റെ അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും നിർണ്ണയിച്ചുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(iv) പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന 13ഡി വകുപ്പ് സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിന്റെ അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും നിർണ്ണയിച്ചുകൊണ്ട് ചട്ടങ്ങൾ ഉാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

ബില്ലിലെ 9-ാം ഖണ്ഡ പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന 16-ാം വകുപ്പ് ആക്റ്റിലേയോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയോ പുറപ്പെടുവിച്ച ഉത്തരവിലെയോ വ്യവസ്ഥകളോ രജിസ്ട്രേഷന്റെ ഏതെങ്കിലും ഉപാധിയോ ലംഘിച്ചുകൊണ്ട് ഏതെങ്കിലും ബോട്ട് നിർമ്മാണ യാർഡ് ഉപയോഗിക്കുകയോ ഉപയോഗിച്ചുവരികയോ ചെയ്യുകയാണെങ്കിൽ അഡ്ജൂഡിക്കേറ്റിംഗ് ഓഫീസർ നടത്തേണ്ട അന്വേഷണ രിതി നിർണ്ണയിച്ചുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

ബില്ലിലെ 10-ാം ഖണ്ഡ പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന 17-ാം വകുപ്പ്, പിഴ ചുമത്തുന്നതിന് മുൻപ് ഒരു അഡ്ജൂഡിക്കേറ്റിംഗ് ഓഫീസർ നടത്തേണ്ട അന്വേഷണത്തിന്റെ രീതി നിർണ്ണയിച്ചുകൊണ്ട് ചട്ടങ്ങളുണ്ടാക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

ജെ. മേഴ്സിക്കുട്ടി അമ്മ

(ശരിത്തർജ്ജമ)

# 1980-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ ആക്റ്റിൽ (1981-ലെ 10) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

മത്സ്യബന്ധന നൗകകൾക്ക് സംസ്ഥാനത്തെ തീരരേഖയിലുള്ള സമുദ്രത്തിൽ മത്സ്യബന്ധനം നടത്തുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള ഒരു

ആക്റ്റ്

പീഠിക.-മത്സ്യബന്ധന നൗകകൾക്ക് സംസ്ഥാനത്തെ തീരരേഖയിലുള്ള സമുദ്രത്തിൽ മത്സ്യബന്ധനം നടത്തുന്നതിന് വ്യവസ്ഥ ചെയ്യുന്നത് ആവശ്യമായിരിക്കുകയാൽ;

** ** ** **

2. നിർവ്വചനങ്ങൾ.-ഈ ആക്റ്റിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(സി) അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ എന്നാൽ ഈ പ്രയോഗം വരുന്ന ഈ ആക്റ്റിലെ വ്യവസ്ഥയിൽ പരാമർശിച്ചിട്ടുള്ള കാര്യത്തെ സംബന്ധിച്ച് ഗസറ്റ് വിജ്ഞാപനം വഴി സർക്കാർ അധികാരപ്പെടുത്തിയിട്ടുള്ള അങ്ങനെയുള്ള ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

** ** ** **

4. വിനിർദ്ദേശിക്കപ്പെട്ട പ്രദേശത്ത് ചില കാര്യങ്ങൾ നിയന്ത്രിക്കാനും, പരിമിതപ്പെടുത്താനും നിരോധിക്കുന്നതിനുമുള്ള അധികാരം.—

** ** ** **

(ഡി) നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഏതെങ്കിലും വിനിർദ്ദേശിക്കപ്പെട്ട പ്രദേശത്തെ അങ്ങനെയുള്ള മത്സ്യബന്ധനോപാധിയുടെ ഉപയോഗം നിയന്ത്രിക്കുകയോ പരിമിതപ്പെടുത്തുകയോ നിരോധിക്കുകയോ ചെയ്യാവുന്നതാണ്.

** ** ** **

9. നൗകകളുടെ രജിസ്ട്രേഷൻ.-

** ** ** **

(6) രജിസ്റ്റർ ചെയ്ത മത്സ്യബന്ധന നൗകയല്ലാതുള്ള യാതൊരു നൗകയ്ക്കും 6-ാം വകുപ്പുപ്രകാരമുള്ള ലൈസൻസിന് അർഹതയുണ്ടായിരിക്കുന്നതല്ല.

** ** ** **

13. ലൈസൻസ് അനുവദിക്കൽ നിരസിച്ചുകൊണ്ടുള്ള ഉത്തരവുകൾക്ക് എതിരായുള്ള അപ്പീലുകൾ, മുതലായവ.—

** ** ** **

(3) ഈ വകുപ്പ് പ്രകാരം അപ്പീൽ അധികാരസ്ഥൻ പുറപ്പെടുവിച്ച എല്ലാ ഉത്തരവും അന്തിമമായിരിക്കുന്നതാണ്.

** ** ** **

14. മത്സ്യബന്ധന യാനത്തിൽ പ്രവേശിക്കുവാനും തിരച്ചിൽ നടത്തുവാനും ഉള്ള അധികാരം.—അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്, ഈ ആക്റ്റിലെയോ അതിൻകീഴിൽ ഉണ്ടാക്കിയ ഉത്തരവിലേയോ ചട്ടത്തിലേയോ ഏതെങ്കിലും വ്യവസ്ഥകൾക്കോ അല്ലെങ്കിൽ ലൈസൻസിലെ ഏതെങ്കിലും വ്യവസ്ഥകൾക്കോ വിരുദ്ധമായി ഏതെങ്കിലും മത്സ്യബന്ധന നൗക ഉപയോഗിക്കുകയോ ഉപയോഗിച്ചിട്ടുണ്ടെന്നോ വിശ്വസിക്കാൻ കാരണമുള്ളപക്ഷം, അങ്ങനെയുള്ള നൗകയിൽ പ്രവേശിക്കുകയും തിരച്ചിൽ നടത്തുകയും അങ്ങനെയുള്ള നൗക ജപ്തി ചെയ്യുകയും അതിൽ കണ്ടെത്തിയ മത്സ്യം പിടിച്ചെടുക്കുകയും ചെയ്യാവുന്നതാണ്.

** ** ** **

16. ന്യായനിർണ്ണയം.—(1) 14-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള ഏതൊരു അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥനും, ഈ ആക്റ്റിന്റെ ഏതെങ്കിലും വ്യവസ്ഥകൾക്കോ ഏതെങ്കിലും ഉത്തരവിനോ അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടത്തിനോ അല്ലെങ്കിൽ ലൈസൻസിലെ ഏതെങ്കിലും വ്യവസ്ഥകൾക്കോ വിരുദ്ധമായി ഏതെങ്കിലും മത്സ്യബന്ധനയാനം ഉപയോഗിക്കുകയോ ഉപയോഗിച്ചെന്നോ വിശ്വസിക്കാൻ കാരണമുണ്ടാകുന്നപക്ഷം, അതിനെപ്പറ്റിയുള്ള റിപ്പോർട്ട് അഡ്ജൂഡിക്കേറ്റിംഗ് ആഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

(2) അഡ്ജൂഡിക്കേറ്റിംഗ് ആഫീസർ, ബന്ധപ്പെട്ട എല്ലാ കക്ഷികൾക്കും പറയാനുള്ളത് പറയാൻ ന്യായമായ ഒരു അവസരം നൽകിയതിനു ശേഷം റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള കാര്യങ്ങളെപ്പറ്റി ഒരു അന്വേഷണം നിർണ്ണയിക്കപ്പെട്ട രീതിയിൽ നടത്തേണ്ടതാണ്.

** ** ** **

17. ശിക്ഷ.—(1) അഡ്ജൂഡിക്കേറ്റിംഗ് ആഫീസർ, 16-ാം വകുപ്പുപ്രകാരമുള്ള അന്വേഷണത്തിനുശേഷം, ഈ ആക്റ്റിന്റെ ഏതെങ്കിലും വ്യവസ്ഥകൾക്കോ ഏതെങ്കിലും ഉത്തരവിനോ അതിൻ കീഴിൽ ഉണ്ടാക്കിയ ചട്ടത്തിനോ അല്ലെങ്കിൽ ലൈസൻസിലെ ഏതെങ്കിലും വ്യവസ്ഥകൾക്കോ വിരുദ്ധമായി ഏതെങ്കിലും മത്സ്യബന്ധന നൗക ഉപയോഗിച്ചിട്ടുണ്ടോ, അല്ലെങ്കിൽ ഉപയോഗിക്കാൻ ഇടയാക്കുകയോ ഉപയോഗിക്കാൻ അനുവദിക്കുകയോ ചെയ്തിട്ടുണ്ടോ എന്ന് തീരുമാനിക്കുകയും, അങ്ങനെയുള്ള ഏതൊരാളെയും, അഡ്ജൂഡിക്കേറ്റിംഗ് ആഫീസർ കുറ്റക്കാരനാണെന്ന് കണ്ടെത്തുന്നപക്ഷം,—

(എ) ഉൾപ്പെട്ടിട്ടുള്ള മത്സ്യത്തിന്റെ മൂല്യം ആയിരം രൂപയോ അതിൻ കുറവോ ആണെങ്കിൽ അയ്യായിരം രൂപയോ;

(ബി) ഉൾപ്പെട്ടിട്ടുള്ള മത്സ്യത്തിന്റെ മൂല്യം ആയിരം രൂപയിൽ കൂടുതലാണെങ്കിൽ മത്സ്യത്തിന്റെ മൂല്യത്തിന്റെ അഞ്ചിരട്ടിയോ അല്ലെങ്കിൽ

(സി) ഏതൊരു മത്സ്യവും ഉൾപ്പെട്ടിട്ടില്ലാത്ത ഒരു സംഗതി ഒഴികെ മറ്റേതൊരു സംഗതിയിലും, അയ്യായിരം രൂപയിലോ കവിയാത്തതും ആയ പിഴശിക്ഷയ്ക്കും അയാളെ വിധേയനാക്കുന്നതിനു അഡ്ജൂഡിക്കേറ്റിംഗ് ആഫീസർക്ക് വിധിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം ചുമത്തപ്പെടാവുന്ന ഏതൊരു ശിക്ഷയ്ക്കും പുറമെ, അഡ്ജൂഡിക്കേറ്റിംഗ് ആഫീസർ,—

(എ) (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിരിക്കുന്ന വിധത്തിൽ ഉപയോഗിച്ചിട്ടുള്ളതോ, ഉപയോഗിക്കാൻ കാരണമായതോ ഉപയോഗിക്കാൻ അനുവദിച്ചതോ ആയ മത്സ്യബന്ധന നൗകയുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റോ ലൈസൻസോ, ഏതെങ്കിലും വ്യവസ്ഥയ്ക്ക് വിരുദ്ധമായിട്ടുങ്കിൽ, അത്—

(i) അതത് സംഗതി പോലെ റദ്ദാക്കുകയോ അസാധുവാക്കുകയോ; അല്ലെങ്കിൽ

(ii) അഡ്ജുഡിക്കേറ്റിംഗ് ആഫീസർ യുക്തമെന്നു കരുതുന്ന അങ്ങനെയുള്ള കാലയളവിലേക്ക് താൽക്കാലികമായി നിർത്തി വെയ്ക്കുകയോ; ചെയ്യേണ്ടതും; അല്ലെങ്കിൽ

(ബി) 14-ാം വകുപ്പുപ്രകാരം ജപ്തി ചെയ്തതോ പിടിച്ചെടുത്തതോ ആയ മത്സ്യബന്ധന നൗകയോ മത്സ്യമോ, അതതു സംഗതി പോലെ, സർക്കാരിലേക്ക് കണ്ടുകെട്ടേണ്ടതാണ്.

** ** ** **

24. <u>ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.</u>—

** ** ** **

(ഇ) 9-ാം വകുപ്പുപ്രകാരം ഒരു നൗക രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷയുടെ മാതൃക, അങ്ങനെയുള്ള അപേക്ഷയിൽ ഉൾക്കൊള്ളേണ്ടതായ വിവരങ്ങളും അതോടൊപ്പമുള്ള ഫീസും; രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ മാതൃകയും ആ വകുപ്പിന്റെ (3)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള രജിസ്റ്ററിന്റെ മാതൃകയും, ആ വകുപ്പിന്റെ (5)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള രജിസ്ട്രേഷൻ അടയാളം പ്രദർശിപ്പിക്കേണ്ട രീതിയും;

** ** ** **